ഇതിൽ ക, ന, ര, ങ, വ എന്നും നമ്പ്രകാർ, മിസ്റ്റർ മാമൻ ചോഹന്റെ നിയമനത്തിനുശേഷം തൽസ്ഥാനങ്ങളിൽ നിയമിക്കപ്പെട്ടവരാണു്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഇതിൽ രണ്ടും മൂന്നും നാലും അഞ്ചും എട്ടും നമ്പരുകളായി നിയമിച്ചിട്ടുള്ളവരിൽ വല്ല അധഃകൃതരുംപെട്ടിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ആ പേരുകളിൽനിന്നും അറിയാം.

മിസ്റ്റർ കെ. പി. വള്ളോൻ.—സന്ന്യാസിമാരേയും ആർഗനൈസർമാരേയും നിയമിച്ചിട്ടുള്ളതു് ഈ വകുപ്പിൽ നിന്നുമല്ലേ?

രാമവമ്മതമ്പുരാൻ.—അവർ ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റിൽ പെടുകയില്ല.

243. മിസ്റ്റർ കെ. പി. വള്ളോൻ.—അധഃകൃത സംരക്ഷകന്റെ ആഫീസിൽ ഉണ്ടായ ഒരു മാസപ്പടിയുടേയും ഒരു ശിപായിയുടേയും ഒഴിവിൽ ആരെയാണു് നിയമിച്ചതു്; അയതിനു് എത്ര അധഃകൃതർ അപേക്ഷകന്മാരായിരുന്നു?

രാമവമ്മ തമ്പുരാൻ.—അധഃകൃത സംരക്ഷകന്റെ ആഫീസിൽ രണ്ടു് ശിപായിമാരുടേയും ഒരുമാസപ്പടിയുടേയും ഒഴിവാണുണ്ടായതു്. ഒരു ശിപായിയുടെ ഒഴിവിൽ പുലയൻ സി. ബാവ എന്ന ആളെ അസിസ്റ്റാണ്ടു് പ്രൊട്ടക്ടരുടെ ആഫീസിൽനിന്നു് ഈ ആഫീസിൽ നിയമിക്കുകയും, മറെറ ഒഴിവിൽ ശിപായിയായി എം. കുട്ടികൃഷ്ണൻനായരെ നിയമിക്കുകയും ചെയ്തു. മാസപ്പടിയായി കെ. എ. കേശവനെ നിയമിച്ചു. മാസപ്പടിയുടെ ഒഴിവിലേയ്ക്കു അധഃകൃതരിൽനിന്നു് ആരുംതന്നെ അപേക്ഷകന്മാർ ഉണ്ടായിരുന്നില്ല. ശിപായിയുടെ ജോലിയ്ക്കു് അധഃകൃതരിൽനിന്നും ഏഴു പേർ അപേക്ഷകന്മാരായിരുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—സി. ബാവ എന്നയാളെ അധഃകൃത സംരക്ഷണ ഡിപ്പാർട്ടുമെണ്ടു തുടങ്ങിയകാലത്തു് നിയമിച്ചിട്ടുള്ളതല്ലേ?

രാമവമ്മതമ്പുരാൻ.—അയാൾ അസിസ്റ്റൻറു് പ്രൊട്ടക്ടരുടെ ആഫീസിലായിരുന്നു. അയാളെ പ്രൊട്ടക്ടരുടെ ആഫീസിലേയ്ക്കു മാറി.

മിസ്റ്റർ കെ. പി. വള്ളോൻ. പുതിയ നിയമനങ്ങളിൽ മറു വല്ല സമുദായങ്ങളിൽനിന്നും എത്ര അപേക്ഷക്കാരുണ്ടായിരുന്നു?

രാമവമ്മതമ്പുരാൻ.—എനിയ്ക്കറിയുവാൻ വയ്യ.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇതിൽ ഏഴു പേർ അപേക്ഷകന്മാരുണ്ടായിരുന്നു എന്നു പറയുന്നു. അവക്കൊക്കെ കൊടുത്തി

LIBRARY ARCHIVES Kerala Legislative Assembly

ല്ല. എന്നാൽ അവക്ക് എഴുതാനും വായിയ്ക്കാനും അറിവുണ്ടായിരുന്നോ എന്നറിയാമോ?

രാമവമ്മതമ്പുരാൻ—അന്വേഷിച്ചിട്ടില്ല.

മിസ്റ്റർ ടി. എ രാമചന്ദ്രയ്യർ.—അവക്ക് കൊടുക്കാതിരിക്കാൻ തക്ക കാരണങ്ങളും പറയുന്നുണ്ടോ?

രാമവമ്മതമ്പുരാൻ—എഴുതി ചോദിച്ചിട്ടുണ്ട്.

244. മിസ്റ്റർ കെ. പി. വള്ളോൻ.—അധ്യാപകത്വം വിദ്യാർത്ഥികൾക്ക് സ്കൂൾ വർഷാരംഭത്തിൽ പുസ്തകം മുതലായത് കൊടുക്കാത്തതുകൊണ്ട് അവരുടെ വല്ല ആവലാതിയും സംരക്ഷകന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അയതിനു് എന്തു നിവാരണമാണു് ചെയ്തുകൊടുത്തിട്ടുള്ളതു്?

രാമവമ്മ തമ്പുരാൻ—ഇല്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—പേപ്പറുകളിൽ ചില ലേഖനങ്ങൾ കാൺകയുണ്ടായി. അതു് സംരക്ഷകൻ കണ്ടിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ—നിശ്ചയമില്ല.

245. മിസ്റ്റർ കെ. പി. വള്ളോൻ.—ചാലക്കുടിയിൽ വിജയരാഘവപുരം പുലയകാളനായിലുള്ള സ്കൂളിലെ ഉച്ചഭക്ഷണം ഉണ്ടാക്കികൊടുക്കുന്നതിനുള്ള കൺട്രാക്ടു് ലഭിയ്ക്കുന്നതിനു് കാളനി നിവാസികളായ അധ്യാപകർ അയച്ചിട്ടുള്ള ഹർജി ഗവമ്മെണ്ടിനു് കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അയതു് അധ്യാപകർക്കു കൊടുക്കുന്നതിനു് എന്താണ് വിരോധം; ആ കൺട്രാക്ടു് ആർക്കാണ് കൊടുത്തതു്?

രാമവമ്മ തമ്പുരാൻ—ഉണ്ടു്. ചാലക്കുടി വിജയരാഘവപുരം കാളനി സ്കൂളിൽ പുലയരും പറയരും പഠിയ്ക്കുന്നുണ്ടു്. പുലയർ പാകം ചെയ്താൽ പറയർക്കും, പറയർ പാകം ചെയ്താൽ പുലയർക്കും ഭക്ഷിയ്ക്കുവാൻ സമ്മതമില്ല. അതുകൊണ്ടാണു് ഉച്ചഭക്ഷണം സ്കൂൾ ഹെഡ്മാസ്റ്റർ മിസ്റ്റർ പി. എസ്. രാമകൃഷ്ണയ്യർ മുഖാന്തിരം കഴിഞ്ഞ ആറുകൊല്ലമായി നടത്തിവരുന്നതു്.

മിസ്റ്റർ കെ. പി. വള്ളോൻ—ഈ ഹർജിയിൽ പറയന്മാരായി വല്ല അപേക്ഷകന്മാരുമുണ്ടായിരുന്നോ?

രാമവമ്മതമ്പുരാൻ—നോട്ടീസുവേണം.

LIBRARY ARCHIVES Kerala Legislative Assembly